

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

ഉപ്പുതറ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2023-2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584

ഇ-മെയിൽ: doidk.ksad@kerala.gov.in

ഫോൺ : 04862-227332

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ./ പി3/938/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584
തീയ്യതി: 07/10/2024
ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ: 04862-227332

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഉപ്പുതറ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ഉപ്പുതറ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഉപ്പുതറ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, ഇടുക്കി.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ./ പി3/938/2024 തീയ്യതി: 07/10/2024

ഇടുക്കി ജില്ലയിലെ ഉപ്പുതറ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ ഉപ്പുതറ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 15-08-2023 മുതൽ 18-08-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 24-08-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി മിനു പി കെ	ഡെപ്യൂട്ടി ഡയറക്ടർ	19-08-2024	24-08-2024

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
19-08-2024	24-08-2024

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ ടി എസ് ധനജയൻ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീ പുഷ്പരാജ് വി കെ,ഓഡിറ്റ് ഓഫീസർ
ശ്രീ. ജിബി ഇ വി, അസി. ഓഡിറ്റ് ഓഫീസർ
ശ്രീ. ജോസഫ് ചാക്കോ, അസി. ഓഡിറ്റ് ഓഫീസർ
ശ്രീ. ജോമോൻ ഫ്രാൻസീസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.സെബിൻ സെബാസ്റ്റ്യൻ, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ.ജയിംസ് കെ ജേക്കബ്.	പ്രസിഡന്റ്	01-04-2023	31-03-2024
ശ്രീ. സുരേന്ദ്രൻ എൻ	സെക്രട്ടറി	01-04-2023	03-07-2024
ശ്രീ. തോമസ് പി വി	സെക്രട്ടറി-ഇൻ-ചാർജ്ജ്	04-07-2023	23-08-2023
ശ്രീ. ശ്രീകുമാർ വി കെ	സെക്രട്ടറി	24-08-2023	30-11-2023
ശ്രീ തോമസ് പി വി	സെക്രട്ടറി-ഇൻ-ചാർജ്ജ്	01-12-2023	07-02-2024
ശ്രീ. ശ്രീകുമാർ വി കെ	സെക്രട്ടറി	08-02-2024	31-03-2024

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ തോമസ് പി വി	അസിസ്റ്റന്റ് സെക്രട്ടറി	01-04-2023	31-03-2024
ശ്രീ സുനിൽകുമാർ പി	അസിസ്റ്റന്റ് എഞ്ചിനീയർ	01-04-2023	31-03-2024
ഡോ. ഷിജു ഷാജി	വെറ്റിനറി സർജൻ	01-04-2023	31-03-2024
ഡോ.മണിലാൽ കെ	മെഡിക്കൽ ഓഫീസർ (ഹോമിയോ)	01-04-2023	29-02-2024
ഡോ.ജിലു ജോർജ്ജ്	മെഡിക്കൽ ഓഫീസർ (ഹോമിയോ)	01-03-2024	31-03-2024
ഡോ കെ എം സെബാസ്റ്റ്യൻ	മെഡിക്കൽ ഓഫീസർ (സി എച്ച് സി)	01-04-2023	31-03-2024
ശ്രീ വിപിൻകുമാർ പി വി	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ	01-04-2023	06-07-2023
ശ്രീ. ജയരാജ് വി	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ	07-07-2023	15-09-2023
ശ്രീമതി അമ്പിളി പി കെ	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ	16-09-2023	31-03-2024
ശ്രീമതി റോസ് മേരി എം	ഐ സി ഡി എസ് സൂപ്പർവൈസർ	01-04-2023	31-03-2024
ശ്രീമതി ധന്യാ ജോൺസൺ	കൃഷി ഓഫീസർ	01-04-2023	31-03-2024
ശ്രീമതി മിനിമോൾ കെ എൻ	ഡയറി ഫാം ഇൻസ്ട്രക്ടർ	01-04-2023	31-03-2024

ഉള്ളടക്കം

ക്രമ നം	ഭാഗം **1**	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
2	അക്കൗണ്ടിംഗ് ചട്ടപ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല	1-1-1
3	ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ തുകകൾ പൊരുത്തപ്പെടുന്നില്ല	1-1-2
4	ആസ്തികളുടെ കൃത്യത പരിശോധിക്കുന്നതിന് അടിസ്ഥാന രേഖകളും വിശദീകരണവും ലഭ്യമല്ല	1-1-3
5	ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രേഖകളില്ല	1-1-4
6	കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല.	1-1-5
7	തനത വരവുകൾക്ക് സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല	1-1-6
8	പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ നീക്കിയിരിപ്പ് തുകയിൽ വ്യക്തതയില്ല	1-1-7
9	തൊഴിലുറപ്പ് പദ്ധതിയുടെ വരവ് ചെലവ് കണക്കുകൾ പൊരുത്തപ്പെടുന്നില്ല.	1-1-8
10	നിക്ഷേപ പ്രവൃത്തിയുടെ വിവരം ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.	1-1-9
11	ജില്ലാ പഞ്ചായത്ത് വിഹിതം വാർഷിക കണക്കിലെ തുകയും സുലേഖ പത്രികയിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല.	1-1-10
12	ബജറ്റ്	1-2
13	ഗ്രാന്റ് വിനിയോഗം	1-3
14	റവന്യു പിരിവിലെ വീഴ്ച- ഗ്രാമപഞ്ചായത്തിന് നഷ്ടം ₹231510/-	1-3-1
15	പദ്ധതി അവലോകനം	1-4
16	തൊഴിലുറപ്പ് പദ്ധതി	1-5
17	ക്ഷേമ പെൻഷനുകൾ	1-6
18	ക്യാഷ് ബാലൻസ് പരിശോധന	1-7
19	ആഭ്യന്തര നിയന്ത്രണം.	1-8
20	വസ്തു നികുതി നിർണ്ണയത്തിലെ അപാകങ്ങൾ	1-9
21	റവന്യു പിരിവിൽ 90% കൈവരിക്കാതിരുന്നതിനാൽ വികസന ഫണ്ടിൽ ₹231510/- രൂപ കുറവു സംഭവിച്ചു	1-10
22	ബാങ്ക് അക്കൗണ്ടുമായി ബന്ധപ്പെട്ട അപാകങ്ങൾ	1-11
23	വാടക കുടിശ്ശിക ഈടാക്കാൻ അവശേഷിക്കുന്നു	1-12
24	ഉപകരണങ്ങൾ മരുന്നുകൾ എന്നിവ KMSCL -ൽ നിന്നും ലഭ്യമായിട്ടില്ലാത്തത് സംബന്ധിച്ച്	1-13
25	ആരോഗ്യ സ്ഥാപനങ്ങളിൽ രോഗ നിർണ്ണയ സൗകര്യം ഒരുക്കൽ - ഉപകരണങ്ങൾ ലഭ്യമായിട്ടില്ലാത്തത് സംബന്ധിച്ച്	1-13-1
26	പാലിയേറ്റീവ് കെയർ പദ്ധതി - മരുന്നുകൾ ലഭ്യമായിട്ടില്ല.	1-13-2
27	പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം- അപാകതകൾ	1-14
28	ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ ലഭ്യമായിട്ടില്ല.	1-15
29	ലൈഫ് ഭവന പദ്ധതി അഡീഷണൽ ലിസ്റ്റ് എന്ന പദ്ധതിയിൽ ഗുണഭോക്താവിന് തുക അധികമായി അനുവദിച്ചിരിക്കുന്നു.	1-16
30	തൊഴിലുറപ്പ് പദ്ധതി - സിമന്റിന് അധിക നിരക്ക് അനുവദിക്കുന്നു.	1-17
31	ഉപ്പുതറ ഗ്രാമപഞ്ചായത്തിലെ എല്ലാ വർഡുകളിലും തെരുവ് വിളക്ക് സ്ഥാപിക്കൽ. അപാകതകൾ	1-18
32	സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് - കരാറുകാരനിൽ നിന്നും ആദായ നികുതി ഈടാക്കിയില്ല	1-19
33	കരാറിൽ ഏർപ്പെടുന്നതിൽ കാലതാമസം - പിഴ ഈടാക്കിയില്ല	1-20

34	മരാമത്ത് പ്രവൃത്തികൾ യഥാസമയം പൂർത്തീകരിക്കാത്ത കരാറുകാരിൽ നിന്നും പിഴ ഈടാക്കിയില്ല	1-21
35	തൊഴിലുറപ്പ് പദ്ധതി- ടെണ്ടർ ഫീ ലഭ്യമാകാത്തത് സംബന്ധിച്ച്	1-22
36	ടേക്ക് എ ബ്രേക്ക് നിർമാണം - പ്രവൃത്തി പൂർത്തീകരിക്കാതെ ഫൈനൽ ബിൽ നല്കി	1-23
37	മഴക്കാല പൂർവ്വ ശുചീകരണം. തയ്യാറാക്കിയിരിക്കുന്ന വൗച്ചറുകളിലെ അപാകതകൾ.	1-24
38	HMC കണക്കുകൾ	1-25
39	കരാർ ജീവനക്കാരുടെ കരാർ വിവരങ്ങൾ ലഭ്യമല്ല.	1-26
40	തനതുഫണ്ട് ചെലവുകൾ - അപാകതകൾ	1-27
41	ലൈഫ് ഭവനപദ്ധതി - അപാകതകൾ	1-28
42	വിഷയാധിഷ്ഠിത അവലോകനം - ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ - മാലിന്യ സംസ്കരണം ഹരിതകർമ്മസേനയിലൂടെ	1-29
ഭാഗം **2**		
1	യഥാസമയം കരാറിൽ ഏർപ്പെടാത്ത കരാറുകാരിൽ നിന്നും പിഴ ഈടാക്കിയില്ല	2-1
2	മരാമത്ത് പ്രവൃത്തികൾ യഥാസമയം പൂർത്തീകരിക്കാത്ത കരാറുകാരിൽ നിന്നും പിഴ ഈടാക്കിയില്ല	2-2
ഭാഗം **3**		
1	ലൈഫ് ഭവന പദ്ധതി അഡീഷ്ണൽ ലിസ്റ്റ് എന്ന പദ്ധതിയിൽ ഗുണഭോക്താവിന് അധികമായി അനുവദിച്ച ₹120000/- നിരാകരിക്കുന്നു.	3-1
ഭാഗം **4**		
1	സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-1
2	നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-2
3	മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ	4-3
4	വായ്പ/വായ്പ തിരിച്ചടവ്	4-4
5	സ്ഥിര നിക്ഷേപം	4-5
6	ഓഡിറ്റ് റിക്കവറി	4-6
7	സമാഹൃത ഓഡിറ്റ് റിപ്പോർട്ട്	4-7
8	ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം	4-8
9	ഓഡിറ്റ് പ്രത്യവലോകനം	4-9
10	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-10
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം –1

പൊതു അവലോകനം

1–1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I) 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 215(4), 2011 -ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് മാനുവൽ അദ്ധ്യായം 4-ലെ ഖണ്ഡിക 4.2.1 & അദ്ധ്യായം 11 -ലെ ഖണ്ഡിക 11.3, സംസ്ഥാന ഗവൺമെന്റ്, കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് ഭരണസമിതിയുടെ 24.07.2024-ലെ 3(1) നമ്പർ തീരുമാനം പ്രകാരം തയ്യാറാക്കി 25.07.2024-ൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം ഓൺലൈനായി സമർപ്പിക്കപ്പെട്ടിട്ടുള്ള **ഉപ്പുതറ ഗ്രാമപഞ്ചായത്തിന്റെ** 2024 മാർച്ചിൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2024 വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii) C & AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും, C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/ മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും, വെളിപ്പെടുത്തലുകളും, പിന്തുണയ്ക്കുന്ന തെളിവുകളും പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളുടെയും, നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി **ഉപ്പുതറ ഗ്രാമ പഞ്ചായത്തിന്റെ** 2023-24 വർഷത്തെ വാർഷിക സാമ്പത്തിക പ്രസ്താവനകൾ, സാമ്പത്തിക ഫലത്തെക്കുറിച്ചും, സാമ്പത്തിക നിലയെക്കുറിച്ചും, സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

തൊടുപുഴ ഡെപ്യൂട്ടി ഡയറക്ടർ

07.10.2024 ഇടുക്കി

1-1-1 അക്കൗണ്ടിംഗ് ചട്ടപ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് റൂൾസ് 62(2) (ഇ), (എഫ്) എന്നിവ പ്രകാരം വാർഷിക ധനകാര്യ പത്രികയോടൊപ്പം സമർപ്പിക്കേണ്ട, പ്രധാനപ്പെട്ട അക്കൗണ്ടിങ്ങ് നയങ്ങൾ, കണ്ടിജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ തുടങ്ങിയവ ഉൾപ്പെടുന്ന കുറിപ്പുകൾ, അടിസ്ഥാന അനുപാതങ്ങൾ എന്നിവ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.

1-1-2 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ തുകകൾ പൊരുത്തപ്പെടുന്നില്ല

ക്യഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിലെ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

1-1-3 ആസ്തികളുടെ കൃത്യത പരിശോധിക്കുന്നതിന് അടിസ്ഥാന രേഖകളും വിശദീകരണവും ലഭ്യമല്ല

6/07/2011-ലെ ജി.ഒ(എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി സ്ഥാപനത്തിലെ ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ആസ്തികളുടെ കൃത്യമായ മൂല്യം വാർഷിക കണക്കിൽ നിശ്ചിത ശീർഷകങ്ങളിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമല്ല.

1-1-4 ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രേഖകളില്ല

ഇൻകം&എക്പെൻഡീച്ചർ സ്റ്റേറ്റ്മെന്റിൽ (ഐ-19) പ്രകാരം Prior Period Income, ഐ-17A പ്രകാരം ഉൾപ്പെടുത്തിയിട്ടുള്ള ഡിപ്രീസിയേഷൻ തുടങ്ങിയവയ്ക്ക് ഉപോൽബലകമായി അംഗീകരിക്കപ്പെട്ട ജേർണ്ണൽ വൗച്ചറുകളോ വർക്ക് ഷീറ്റുകളോ പരിപാലിച്ചിട്ടില്ല. ആയതിനാൽ ഈയിനത്തിലെ തുകകളുടെ കൃത്യത ഉറപ്പാക്കുവാൻ കഴിയുന്നില്ല.

1-1-5 കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല.

ബാലൻസ് ഷീറ്റ് ബി-7 ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടുള്ള ഇലക്ഷൻ ഡെപ്പോസിറ്റ് പോലെയുള്ള കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല.

1-1-6 തനതു വരവുകൾക്ക് സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല

പഞ്ചായത്തിലെ പ്രധാന വരവിനങ്ങൾക്ക് യഥാസമയം അക്രൂവൽ എൻട്രികൾ നൽകുന്നില്ല. അക്രൂ ചെയ്യുന്ന നികുതികൾക്ക് വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും ഡിമാന്റ് രേഖപ്പെടുത്തേണ്ടതാണ്.

1-1-7 പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ നീക്കിയിരിപ്പ് തുകയിൽ വ്യക്തതയില്ല

ബാലൻസ് ഷീറ്റ് ബി-4 ഷെഡ്യൂളിലെ താഴെ പറയുന്ന തുകകൾ എവിടെ നിന്ന് എന്ത് ആവശ്യത്തിന് ലഭിച്ചതാണെന്നും നിലവിലുള്ള നീക്കിയിരിപ്പ് തുക ഏത് ബാങ്ക്/ ട്രഷറി അക്കൗണ്ടിലാണ് നിക്ഷേപിച്ചിരിക്കുന്നത് എന്നുമുള്ള വിവരം ലഭ്യമല്ല. ആയതിനാൽ ഏതെങ്കിലും തുകകൾ വകമാറ്റി ചെലവഴിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കുവാൻ കഴിയുന്നില്ല. ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് കത്ത് നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

ക്രമ നം.	കോഡ്	ഹെഡ്	തുക
1	320100152	Other Schemes	63622
2	320100203	Health Grant Towards Buildingless Subcentres To PHC	2805500
3	320100999	Other Liabilities	174750
4	320200302	State Sponsored Scheme Funds- Slaughter Houses	9425537
5	320300199	Grants, Funds & Contributions For Specific Purposes- Other Government Agencies	7657480
6	320400199	Grants, Funds & Contributions For Specific Purposes- Other Financial Institutions	253268

1-1-8 തൊഴിലുറപ്പ് പദ്ധതിയുടെ വരവ് ചെലവ് കണക്കുകൾ പൊരുത്തപ്പെടുന്നില്ല.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ വരവ് ചെലവ് കണക്കുകൾ സ്ഥാപനത്തിലെ ക്യാഷ് ബുക്ക് പ്രകാരമുള്ള തുകകളുമായി പൊരുത്തപ്പെടുന്നില്ല.

ക്യാഷ് ബുക്ക് പ്രകാരമുള്ള വരവ് – ചെലവ് കണക്ക്

ഇനം	മുന്നിരിപ്പ് ₹	വരവ് ₹	ആകെ ₹	ചെലവ് ₹	നീക്കിയിരിപ്പ് ₹
ഭരണ ചെലവുകൾ	8036	2131765	2139801	2139768	33
ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത്	00	57561415	57561415	57561415	00

വാർഷിക കണക്കുകൾ പ്രകാരമുള്ള വരവ് – ചെലവ് കണക്ക്

ഇനം	മുന്നിരിപ്പ് ₹	വരവ് ₹	ആകെ ₹	ചെലവ് ₹	നീക്കിയിരിപ്പ് ₹
ഭരണ ചെലവുകൾ	3126	2136183	2139309	2139276	33

ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത്	00	58112000	58112000	58112000	00

പലിശ ഉൾപ്പെടെയുള്ള തുക (2132098 + 4085 = 2136183)

1-1-9 നിക്ഷേപ പ്രവൃത്തിയുടെ വിവരം ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

20203-24 വർഷം സെക്രട്ടറി നിർവ്വഹണം നടത്തിയ 312/24, പോസ്റ്റ് ഷിഫ്റ്റിംഗ് – കെ.എസ്.ഇ.ബി. തുക ഒടുക്കൽ എന്ന പദ്ധതി പ്രാകാരം ₹122424/- കെ.എസ്.ഇ.ബി.യിൽ ഒടുക്ക് വരുത്തിയത് വാർഷിക കണക്കിൽ ബാലൻസ് ഷീറ്റ് ബി-18(എ) ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

1-1-10 ജില്ലാ പഞ്ചായത്ത് വിഹിതം വാർഷിക കണക്കിലെ തുകയും സുലേഖ പത്രികയിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല.

S0160/24, ലൈഫ് ഭവന പദ്ധതി അഡീഷണൽ ലിസ്റ്റ് എന്ന പദ്ധതിയിൽ ജില്ലാ പഞ്ചായത്ത് വിഹിതം ₹2180000/- ചെലവഴിച്ചതായി സുലേഖ പത്രികയിൽ രേഖപ്പെടുത്തൽ വരുത്തിയിട്ടുണ്ട്. എന്നാൽ ഇതിൽ ₹1350000/- (830000+520000) മാത്രമാണ് ജേണൽ എൻട്രി വഴി വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. (Income And Expenditure Code 160300101- Contributions Towards Joint Venture Projects- From District Panchayats). ഈ ഇനത്തിൽ ₹830000/- യുടെ വരവ്- ചെലവ് വാർഷിക കണക്കിൽ കുറവ് വന്നിരിക്കുന്നു. ആയതിനാൽ ജില്ലാ പഞ്ചായത്തിൽ നിന്നുള്ള ചെലവിൽ വാർഷിക കണക്കുമായി ₹830000/- വ്യത്യാസം വന്നിരിക്കുന്നു.

1-2 ബജറ്റ്

2023-24 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് താഴെ പറയും പ്രകാരം അംഗീകരിച്ചു. 22.03.2023 ലെ 1-ാം നമ്പർ തീരുമാന പ്രകാരം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിച്ചു. 24.03.2023 ലെ 1 -ാം നമ്പർ തീരുമാന പ്രകാരം പഞ്ചായത്ത് കമ്മിറ്റിയിൽ അംഗീകാരം നേടി. ബജറ്റ് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

	2023-24-ലെ ബജറ്റ്	2023-24- ലെ പരിഷ്കരിച്ച ബജറ്റ്
ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകാരം	22.03.2023 ലെ 1-ാം നമ്പർ തീരുമാനം	08.02.2024 ലെ 2-ാം നമ്പർ തീരുമാനം
പഞ്ചായത്ത് കമ്മിറ്റിയിൽ അംഗീകാരം	24.03.2023 ലെ 1 -ാം നമ്പർ തീരുമാനം	25.03.2024 ലെ 1-ാം നമ്പർ തീരുമാനം
മുന്നിരിപ്പ് (₹)	7262712	
വരവ് (₹)	442132800	

ആകെ വരവ് (₹)	449395512	
ആകെ ചെലവ് (₹)	438218800	
മിച്ചം (₹)	11176712	

1-3 ഗ്രാന്റ് വിനിയോഗം

ഗ്രാന്റ്	മുന്നിരിപ്പ് (₹)	അലോട്ട്മെന്റ്/വരവ് (₹)	ആകെ (₹)	ചെലവ് (₹)	നീക്കിയിരിപ്പ്/ ലാപ്സായ തുക (₹)
വികസനഫണ്ട്-പൊതുവിഭാഗം	0	22743264	22743264	19068793	3674471
വികസന ഫണ്ട്-എസ്.സി.പി	0	11065226	11065226	6389772	4675454
വികസന ഫണ്ട് – ടി.എസ്.പി	0	5266000	5266000	3512160	1753840
15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺടൈഡ്)	12220469	4247427	16467896	7347123	9120773
15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്)	1837141	2875000	4712141	3737217	974924
15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് (പെർഫോർമൻസ് ഗ്രാന്റ്)	0	1860864	1860864	80242	1780622
സംരക്ഷണ ഗ്രാന്റ്-റോഡ്	0	27414000	27414000	5112782	22301218
സംരക്ഷണ ഗ്രാന്റ്-റോഡിതരം	0	6537400	6537400	3426168	3111232
320100152 Other Schemes	63622	0	63622	0	63622
ടോട്ടൽ സാനിറ്റേഷൻ	1304703	955596	2260299	1840468	419831
ഐ.സി.ഡി.എസ്	3328682	1791016	5119698	537571	4582127
ശുചിത്വ മിഷൻ ഗ്രാന്റ്	0	50739	50739	0	50739
320100202 Health Grant – Diagnostic Infra Structure To PHCs	567163	944483	1511646	1061839	449807
320100203, Health Grant Towards Buildingless Subcentres To PHC	0	2805500	2805500	0	2805500
320100204 Health Grant-Health And Wellness Centres	185000	397821	582821	230373	352448
320100999, Other Liabilities	92220	83196	175416	666	174750
320200299, Fund For Transferred Institutions	450000	0	450000	0	450000

320200302 ആധുനിക അറവുശാല	9425537	0	9425537	0	9425537
320300199, Grant From Other Govrnment Institutions	6106840	1770640	7877480	220000	7657480
320400199, Grant From Other Financial Institutions	249373	3895	253268	0	253268

1) വിവിധ ഫണ്ടുകളുടെ സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത തുക ഗ്രാന്റ് വിനിയോഗത്തിൽ വരവിൽ (അലോട്ട്മെന്റ്) ഉൾപ്പെടുത്തിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഫണ്ടിനം	സ്രോതസിൽനിന്ന കുറവു ചെയ്ത തുക	
	ലൈഫ് മിഷൻ വായ്പ തിരിച്ചടവ്	അങ്കണവാടി അധിക വേതനം
വികസന ഫണ്ട്-ജനറൽ	10745976	1927200
വികസന ഫണ്ട്-എസ്.സി.പി.	1323913	0
വികസന ഫണ്ട്- ടി.എസ്.പി.	2256005	0

2) സർക്കാരിൽ നിന്നും യഥാസമയം ഫണ്ട് ലഭിക്കാത്തതിനാൽ താഴെ പറയുന്ന തുകകൾ ട്രഷറിയിൽ ക്യൂ-ബിൽ ആയി അവശേഷിച്ചു.

ക്രമ നം.	ഇനം	ക്യൂ ബിൽ പ്രകാരമുള്ള തുക
1	വികസന ഫണ്ട് - ജനറൽ	2914650
2	വികസന ഫണ്ട്- എസ്.സി.പി.	740000
3	വികസന ഫണ്ട് - ടി.എസ്.പി.	1753775
4	മെയിന്റനൻസ് ഗ്രാന്റ് - റോഡ്	15902722
5	മെയിന്റനൻസ് ഗ്രാന്റ് - റോഡിതരം	1557865

3) അനുബന്ധം 4 പ്രകാരം വികസനഫണ്ട് പൊതുവിഭാഗത്തിൽ അലോട്ട്മെന്റ് ₹23151000/- ആയിരുന്നു. G.O.(MS) No.179/2022/FIN Dated 18.10.2022 ഉത്തരവിന്റെ അടിസ്ഥാനത്തിൽ 90 ശതമാനം പിരിവ് കൈവരിക്കാതിരുന്നതിനാൽ ₹231510/- യും, 2022-23 ലെ എസ്.സി.പി ഫണ്ടിലെ ഷോർട്ട് ഫോളിനുള്ള പരിഹാരവകയിരുത്തലിനായി ₹176226/- യും കുറവുചെയ്തതിനുശേഷം ₹ 22743264/- മാത്രമാണ് ഗ്രാന്റിനത്തിൽ വരവ് ലഭിച്ചത്. ഇതിൽ എസ്.സി.പി. ഫണ്ടിലെ ഷോർട്ട് ഫാൾ തുക ₹176226/- തൻവർഷ എസ്.സി.പി. അലോട്ട് മെന്റിൽ അധികമായി ലഭിച്ചിട്ടുണ്ട്. (₹10889000 + 176226 = 11065226/-)

4) ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺടൈഡ്) വരവ് ₹3834000/- യും പലിശ ₹ 413427/- യും ഉൾപ്പെടെയുള്ള തുകയാണ് വരവിനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

5) ധനകാര്യ വകുപ്പിന്റെ 27.03.2024ലെ സ.ഉ.(സാധാ) നം. 3090/2024/ധന ഉത്തരവ് പ്രകാരം 2020-21 വർഷം പ്രാദേശിക സർക്കാരുകൾക്ക് അനുവദിച്ച പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ

ചെലവഴിക്കാത്ത തുക നടപ്പ് സാമ്പത്തിക വർഷം അനുവദിച്ച ധനകാര്യ കമ്മീഷൻ തുകയിൽ നിന്നും തെറ്റായി ചെലവഴിച്ച തുക പുനരനുവദിച്ച് ഉത്തരവായതിൽ പഞ്ചായത്തിന് ലഭിച്ച ₹1860864/- യിൽ ₹80242/- മാത്രം ചെലവഴിക്കുകയും ബാക്കി തുകയായ ₹1780622/- യുടെ ബിൽ ട്രഷറിയിൽ കൊടുത്തെങ്കിലും ട്രഷറി നിയന്ത്രണം കാരണം തുക ചെലവഴിച്ചില്ല.

1-3-1 റവന്യൂ പിരിവിലെ വീഴ്ച- ഗ്രാമപഞ്ചായത്തിന് നഷ്ടം ₹231510/-

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ റവന്യൂ വിഭവങ്ങൾ യഥാവിധി പിരിച്ചെടുക്കുന്നതിൽ തുടർച്ചയായി വീഴ്ച വരുത്തുന്ന വിഷയം ആറാം സംസ്ഥാന ധനകാര്യകമ്മീഷൻ പ്രത്യേകമായി പരിഗണിച്ചിരുന്നു. ഇതിന് ഒരു പരിഹാരമെന്ന നിലയിൽ ആകെ റവന്യൂ ഡിമാന്റ് തുകയുടെ 90 ശതമാനമെങ്കിലും പിരിച്ചെടുക്കാത്ത തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക്, വികസനഫണ്ടിന്റെ (പൊതു വിഭാഗം) ഒരു ശതമാനം പിഴയായി ഈടാക്കണമെന്ന് തങ്ങളുടെ രണ്ടാമതു റിപ്പോർട്ടിലെ 8-ാം നമ്പർ ശുപാർശയായി കമ്മീഷൻ സർക്കാർ മുൻപാകെ സമർപ്പിക്കുകയുണ്ടായി. ഈ ശുപാർശ അംഗീകരിച്ച് സർക്കാർ ധനകാര്യവകുപ്പിന്റെ 18.10.2022-ലെ ജി.ഒ(എംഎസ്) 179/2022 നമ്പർ ഉത്തരവിലൂടെ പിഴ ഈടാക്കൽ നടപടിയ്ക്ക് 2022-23 സാമ്പത്തികവർഷം മുതൽ പ്രാബല്യം നൽകിയിട്ടുണ്ട്. ഉപ്പുതറ ഗ്രാമപ്പഞ്ചായത്ത് 2022-23 സാമ്പത്തികവർഷം റവന്യൂ പിരിവിൽ 90% കൈവരിക്കാതിരുന്നത് മുൻനിർത്തി വികസന ഫണ്ടിന്റെ മൂന്നാം ഗഡുവിൽനിന്ന് ₹231510/- രൂപ കുറവു വരുത്തിയാണ് സർക്കാർ തൻവർഷത്തെ അലോട്ട്മെന്റ് നൽകിയത്. നികുതി പിരിവിന്റെ ചുമതലയുള്ള ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, പിരിവ് വിഭാഗം ജീവനക്കാർ എന്നിവരുടെ ക്രിയാത്മക ഇടപെടലുകളുടെ അഭാവമാണ് തുക നഷ്ടപ്പെടാൻ കാരണമായത്. ഈ വിഷയം മുൻ വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലും പരാമർശിച്ചിരുന്നിട്ടും അപാകത തുടരുന്നത് ഭരണ സമിതി ഗൗരവമായി കാണേണ്ടതാണ്.

1-4 പദ്ധതി അവലോകനം

2023-24 സാമ്പത്തിക വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ ₹	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ് ₹	ചെലവ് ശതമാനം	നടപ്പാക്കാത്തവ (എണ്ണം)
244	373312420	101	65883895	17.64	143

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ഏറ്റെടുത്ത് നടപ്പാക്കിയ വിവിധ പദ്ധതികളുടെ ചെലവ് സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

നിർവഹണ ഉദ്യോഗസ്ഥർ	അടങ്കൽ ₹	ചെലവ് ₹	ചെലവ് ശതമാനം	ആകെ പദ്ധതികൾ	നടപ്പാക്കിയത്

അസിസ്റ്റന്റ് എഞ്ചിനീയർ (തസ്വഭവ)	83937139	14297938	17.03	121	30
അസിസ്റ്റന്റ് സെക്രട്ടറി, ഗ്രാമപഞ്ചായത്ത്	94583051	10565102	11.17	23	13
ഐ.സി.ഡി.എസ് സൂപ്പർവൈസർ	11237958	6996385	62.25	14	10
കൃഷി ഓഫീസർ	6600500	2652875	40.19	8	7
ഡയറി ഫാം ഇൻസ്ട്രക്ടർ	1300000	1300000	100	1	1
മെഡിക്കൽ ഓഫീസർ - പി.എച്ച്.സി/ സി.എച്ച്.സി	3671000	2233336	60.83	6	6
മെഡിക്കൽ ഓഫീസർ - ഹോമിയോ	1500000	1276369	85.09	4	3
വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ/ ലേഡി വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ	146013766	3813847	2.60	18	9
വെറ്ററിനറി സർജൻ	5574000	3136182	56.24	10	9
സെക്രട്ടറി, ഗ്രാമപഞ്ചായത്ത്	35108100	19611861	56	37	12
ഹെഡ്മാസ്റ്റർ, ഗവൺമെന്റ് യു.പി.സ്കൂൾ	40000	0	0	1	0

1-5 തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ് ₹	വരവ് ₹	ആകെ ₹	ചെലവ് ₹	നീക്കിയിരിപ്പ് ₹
ഭരണ ചെലവുകൾ	8036	2131765	2139801	2139768	33
ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത്	00	57561415	57561415	57561415	00

കുറിപ്പ്: തൊഴിലുറപ്പ് പദ്ധതിയുടെ വരവ് ചെലവ് കണക്ക് പരിശോധിച്ചതിൽ സ്ഥാപനത്തിലെ ക്യാഷ് ബുക്ക് പ്രകാരമുള്ള തുകയും വാർഷിക കണക്കിലെ തുകയും പൊരുത്തപ്പെടുന്നില്ല. ആയതിനാൽ ക്യാഷ് ബുക്ക് പ്രകാരമുള്ള യഥാർത്ഥ തുകയാണ് ഇവിടെ ഉൾപ്പെടുത്തിയിരിക്കുന്നത്.

1-6 ക്ഷേമ പെൻഷനുകൾ

തൻവർഷം ഗ്രാമപഞ്ചായത്ത് വിതരണം നടത്തിയ വിവിധ ക്ഷേമ പെൻഷനുകളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്ഷേമ പദ്ധതിയുടെ പേര്	ചെലവഴിച്ച തുക (₹)	ഗുണഭോക്താക്കളുടെ എണ്ണം
വാർദ്ധക്യകാല പെൻഷൻ	32,912,700.00	3222
കർഷക തൊഴിലാളി പെൻഷൻ	654,000.00	59
വിധവാ പെൻഷൻ	13,292,300.00	1219
50 വയസിന് മുകളിൽ പ്രായമായ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ	332,800.00	33

വികലാംഗ പെൻഷൻ	3,613,000.00	319

1-7 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.08.2024 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹25568/- ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

1-8 ആഭ്യന്തര നിയന്ത്രണം.

പതിനെട്ടംഗ സമിതിയാണ് ഗ്രാമപഞ്ചായത്തിന്റെ ഭരണ നിർവ്വഹണം നടത്തുന്നത്. കൃത്യമായ ഇടവേളകളിൽ കമ്മറ്റികൾ നടക്കുന്നുണ്ട്. വിവിധ സ്റ്റാന്റിംഗ് കമ്മറ്റികളും കൃത്യമായി യോഗം ചേർന്ന് തീരുമാനങ്ങളെടുക്കുന്നുണ്ട്. വർക്കിംഗ് ഗ്രൂപ്പുകൾ വർഷത്തിൽ ഒരുതവണ മാത്രമാണ് കൂടുന്നത്. എന്നാൽ വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് സമിതികളായി പ്രവർത്തിക്കുന്നില്ല.

ജനറൽ കമ്മറ്റി മിനിട്സ് സമയബന്ധിതമായി ക്ലോസ് ചെയ്യുന്നില്ല. മിനിട്ട്സ് ക്ലോസ്ചെയ്യാൻ മാസങ്ങളെടുക്കുന്നു. വരവു -ചെലവുകൾ തൊട്ടടുത്ത മാസത്തിൽ തന്നെ വൈസ് പ്രസിഡണ്ട് അധ്യക്ഷനായ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിക്കുന്നുണ്ട്. ബജറ്റ്, ധനകാര്യ പത്രിക എന്നിവയും തയ്യാറാക്കി അംഗീകരിച്ചിട്ടുണ്ട്. സ്റ്റാന്റിംഗ് കമ്മറ്റികളുടെ മിനിട്ട്സ് മാന്വൽ ആയിട്ടാണ് നിലവിലും തയ്യാറാക്കുന്നത്. മിനിട്ട്സുകൾ സകർമ്മ സോഫ്റ്റ്വെയറുകളിൽ രേഖപ്പെടുത്തണമെന്ന നിർദ്ദേശം നടപ്പാക്കാനായിട്ടില്ല.

ഗ്രാമപഞ്ചായത്തിന്റെ ഉദ്യോഗസ്ഥ ഘടനയിൽ സെക്രട്ടറി, അസി.സെക്രട്ടറി, 2ഹെഡ് ക്ലാർക്ക്മാർ, മൂന്ന് സീനിയർ ക്ലാർക്കുമാർ, നാല് ക്ലാർക്കുമാർ, രണ്ട് ഓഫീസ് അറ്റന്റന്റുമാർ, ഡ്രൈവർ, പാർട്ട് ടൈം സ്വീപ്പർ എന്നിവർ ഉൾപ്പെടുന്നു.

ജീവനക്കാരുടെ ചുമതലകൾ ഓഫീസ് ഉത്തരവ് മുഖേന കൃത്യമായി വിഭജിച്ച് നൽകിയിട്ടുണ്ട്. ഓഫീസ് പ്രവർത്തനം സാമാന്യം തൃപ്തികരമാണ്.

രജിസ്റ്ററുകളുടെ സൂക്ഷിപ്പ് സാമാന്യം തൃപ്തികരമാണ്. ബിൽ രജിസ്റ്റർ, വൗച്ചറുകൾ,മൺക്കൂർ രജിസ്റ്റർ തുടങ്ങിയവയുടെ സൂക്ഷിപ്പ് തൃപ്തികരമാണ്. എന്നാൽ ഡിമാന്റ് രജിസ്റ്ററുകൾ, വായ്പ രജിസ്റ്റർ, തെരുവു വിളക്ക് രജിസ്റ്റർ എന്നിവ കൈകാര്യം ചെയ്യുന്നതിൽ വീഴ്ചകൾ സംഭവിച്ചിട്ടുണ്ട്. പൊതുടാപ്പുകളുടെ രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ആയതിനാൽ തന്നെ തെരുവു വിളക്കുകളുടെയും പൊതുടാപ്പുകളുടെ ചാർജ്ജ് അടയ്ക്കുന്നതിന്റെ കൃത്യമായ കണക്ക് പഞ്ചായത്തിൽ ലഭ്യമല്ല. കെ. എസ്. ഇ, ബി., വാട്ടർ അതോറിറ്റി എന്നീ സ്ഥാപനങ്ങൾ ഡിമാന്റ് ചെയ്യുന്ന തുക യാതൊരു മേൽ പരിശോധനയും നടത്താതെ ഒടുക്കുക മാത്രമാണ് ചെയ്യുന്നത്. തൻവർഷം 360 തെരുവുവിളക്കുകൾ സ്ഥാപിച്ചതിന്റെ പണം മാറി

നൽകിയിട്ടുണ്ടെങ്കിലും രജിസ്റ്റർ തയ്യാറാക്കി വിവരം രേഖപ്പെടുത്തിയിട്ടില്ല.

വിവിധ അക്കൗണ്ടുകളുടെ പ്രതിമാസ പൊരുത്തപ്പെടുത്തലുകൾ നടത്തിയിട്ടുണ്ട്. തനതു വരുമാനസ്രോതസുകൾ പിരിച്ചെടുക്കാൻ അവശേഷിക്കുന്നുണ്ട്.

സ്ഥാവര-ജംഗമ ആസ്തികളുടെ വിവരങ്ങൾ കൃത്യമായി ക്രോഡീകരിച്ചു സൂക്ഷിക്കുവാനും യഥാകാലം കൂട്ടിച്ചേർക്കലുകൾ നടത്തി സമഗ്രമാക്കാനും സർക്കാർ കർശന നിർദ്ദേശങ്ങൾ നൽകിയിട്ടും അത് നാളിതുവരെ പൂർണമായിട്ടില്ല.

വാർഷിക പദ്ധതി നിർവഹണത്തിൽ ലഭ്യമായ നിർവഹണ ഉദ്യോഗസ്ഥരുടെ സേവനം വിനിയോഗിക്കാൻ ശ്രമം നടന്നെങ്കിലും പ്രവർത്തന കലണ്ടർ പാലിച്ച് നിർവഹണ പ്രക്രിയ മുന്നോട്ടു കൊണ്ടുപോകാൻ കഴിഞ്ഞില്ല. ഗണ്യമായ പ്രോജക്ടുകൾ തൻവർഷം പൂർത്തിയാക്കാനായില്ല.

ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽകാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-9 വസ്തു നികുതി നിർണ്ണയത്തിലെ അപാകങ്ങൾ

20.03.2023 ലെ സ.ഉ(കൈ)നം.77/2023 ഉത്തരവ് പ്രകാരം വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും. തുടർന്ന് 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് (1994-ലെ 13) 20-ാം വകുപ്പ് (2) ഉം (4) ഉം ഉപവകുപ്പുകൾ പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് കേരള സർക്കാർ, ഗ്രാമപഞ്ചായത്തുകളിൽ ഉപയോഗക്രമത്തിനനുസരിച്ച് ഓരോയിനം കെട്ടിടത്തിനും അതിന്റെ ഉപവിഭാഗങ്ങൾക്കും ഒരു ചതുരശ്ര മീറ്റർ തറ വിസ്തീർണ്ണത്തിനോ എണ്ണത്തിനോ ബാധകമായ അടിസ്ഥാന വസ്തു നികുതി നിരക്കുകളുടെ ഏറ്റവും കുറഞ്ഞതും കൂടിയതുമായ പരിധികൾ 2023 ഏപ്രിൽ 1 മുതൽ പ്രാബല്യത്തിൽ നിശ്ചയിച്ച് 05.04.2024 ലെ സ.ഉ.(അച്ചടി)നം.25/2023 പ്രകാരം വിജ്ഞാപനം ചെയ്തിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ഭരണസമിതിയുടെ 24.07.2024 ലെ 13 (1) നമ്പർ തീരുമാന പ്രകാരം ഉപ്പുതറ ഗ്രാമ പഞ്ചായത്തിന്റെ 01.04.2023 പ്രാബല്യത്തിലുള്ള വസ്തുനികുതി നിരക്കുകൾ 05.10.2023 ൽ വിജ്ഞാപനം ചെയ്തിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിലെ 6-ാം വാർഡിൽ (ഉപ്പുതറ) 2023-24 സാമ്പത്തിക വർഷത്തെ വസ്തുനികുതി നിർണ്ണയ വിവരങ്ങൾ സഞ്ചയ സോഫ്റ്റ്വെയർ മുഖേന പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകങ്ങളുണ്ട്.

1.) സർക്കാർ ഓഫീസുകൾക്ക് മേൽ സൂചിപ്പിച്ച വിജ്ഞാപന പ്രകാരം നിശ്ചയിച്ചിരിക്കുന്ന വസ്തു നികുതി ചതുരശ്ര മീറ്ററിന് 10 രൂപയാണ് എന്നാൽ മറ്റു ഓഫീസുകൾ എന്ന ഗണത്തിൽപ്പെടുത്തി 40 രൂപ എന്ന നിരക്കിലാണ് നികുതി ഈടാക്കിയിരിക്കുന്നത് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

കെട്ടിട നമ്പർ	ഉടമസ്ഥൻ	വിസ്തീർണ്ണം	വസ്തു നികുതി നിർണ്ണയിച്ച തീയതി

169 A	തഹസിൽദാർ (വില്ലേജ് ഓഫീസ്, ഉപ്പുറ പി ഒ,685505)	113.86ച മീ	19-04-2023

2.) പാർപ്പിടാവശ്യത്തിലുള്ള 300 ച മീറ്ററിൽ താഴെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ഭരണസമിതിയുടെ 24.07.2024 ലെ 13 (1) നമ്പർ തീരുമാന പ്രകാരം 05.10.2023 ൽ വിഞ്ജാപനം ചെയ്ത 01.04.2023 പ്രാബല്യത്തിലുള്ള വസ്തുനികുതി നിരക്ക് ചതുരശ്ര മീറ്ററിന് 7 രൂപയാണ്. 2023-24 സാമ്പത്തിക വർഷത്തിൽ മേൽ സൂചിപ്പിച്ച ഉപയോഗക്രമത്തിൽ ചതുരശ്ര മീറ്ററിന് 6 രൂപ നിരക്കിൽ വസ്തു നികുതി നിർണ്ണയിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	കെട്ടിട നമ്പർ	വിസ്തീർണ്ണം	വസ്തു നികുതി നിർണ്ണയിച്ച തീയതി
1	529 A	82ച മീ	26-05-2023
2	556 B	51.36ച മീ	13-07-2023
3	652 A	100.25ച മീ	07-08-2023
4	688 A	144.38 ച മീ	24-08-2023

പുതുക്കിയ നിരക്കിൽ വസ്തു നികുതി ഈടാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നമ്പർ 07/23.08.2024-നു മറുപടി ലഭ്യമാക്കിയിട്ടില്ല. എല്ലാ വാർഡുകളിലെയും നികുതി നിർണ്ണയ വിവരങ്ങൾ പരിശോധിക്കേണ്ടതും കെട്ടിടങ്ങളുടെ മേൽ സൂചിപ്പിച്ച പ്രകാരം കുറഞ്ഞ നിരക്കിൽ/കൂടുതൽ നിരക്കിൽ നികുതി നിർണ്ണയിച്ച കെട്ടിടങ്ങളുടെ നികുതി പുനർ നിർണ്ണയിച്ച് വിവരം അറിയിക്കേണ്ടതുമാണ്.

1-10 റവന്യൂ പിരിവിൽ 90% കൈവരിക്കാതിരുന്നതിനാൽ വികസന ഫണ്ടിൽ ₹231510/- രൂപ കുറവു സംഭവിച്ചു

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ റവന്യൂ വിഭവങ്ങൾ യഥാവിധി പിരിച്ചെടുക്കുന്നതിൽ തുടർച്ചയായി വീഴ്ച വരുത്തുന്ന വിഷയം ആറാം സംസ്ഥാന ധനകാര്യകമ്മീഷൻ പ്രത്യേകമായി പരിഗണിച്ചിരുന്നു. ഇതിന് ഒരു പരിഹാരമെന്ന നിലയിൽ ആകെ റവന്യൂ ഡിമാന്റ് തുകയുടെ 90 ശതമാനമെങ്കിലും പിരിച്ചെടുക്കാത്ത തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക്, വികസനഫണ്ടിന്റെ (പൊതു വിഭാഗം) ഒരു ശതമാനം പിഴയായി ഈടാക്കണമെന്ന് തങ്ങളുടെ രണ്ടാമതു റിപ്പോർട്ടിലെ 8-ാം നമ്പർ ശുപാർശയായി കമ്മീഷൻ സർക്കാർ മുൻപാകെ സമർപ്പിക്കുകയുണ്ടായി. ഈ ശുപാർശ അംഗീകരിച്ച് സർക്കാർ ധനകാര്യവകുപ്പിന്റെ 18.10.2022-ലെ ജി.ഒ.(എംഎസ്) 179/2022 നമ്പർ ഉത്തരവിലൂടെ പിഴ ഈടാക്കൽ നടപടിയ്ക്ക് 2022-23 സാമ്പത്തികവർഷം മുതൽ പ്രാബല്യം നൽകിയിട്ടുണ്ട്. ഉപ്പുറ ഗ്രാമപഞ്ചായത്ത് 2022-23 സാമ്പത്തികവർഷം റവന്യൂ പിരിവിൽ 90% കൈവരിക്കാതിരുന്നത് മുൻനിർത്തി വികസന

ഫണ്ടിന്റെ മൂന്നാം ഗഡുവിൽ നിന്ന് ₹231510/- രൂപ കുറവു വരുത്തിയാണ് സർക്കാർ തൻവർഷത്തെ അലോട്ട്മെന്റ് നൽകിയത്. നികുതി പിരിവിന്റെ ചുമതലയുള്ള ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, പിരിവ് വിഭാഗം ജീവനക്കാർ എന്നിവരുടെ ക്രിയാത്മക ഇടപെടലുകളുടെ അഭാവമാണ് തുക നഷ്ടപ്പെടാൻ കാരണമായത്. ഈ വിഷയത്തിൽ വിശദീകരണം ലഭ്യമാക്കേണ്ടതും ഭാവിയിൽ വീഴ്ച ആവർത്തിക്കാതിരിക്കാൻ കർശന മുൻകരുതൽ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. അധികൃതരുടെ അടിയന്തരശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

1-11 ബാങ്ക് അക്കൗണ്ടുമായി ബന്ധപ്പെട്ട അപാകങ്ങൾ

1. ഇ-പെയ്മെന്റ് മുഖേന ലഭിക്കുന്ന വരവ് തുകകൾ സ്വീകരിക്കുന്നതിനായുള്ള അക്കൗണ്ടിൽ ഗ്രാന്റ് തുക സൂക്ഷിക്കുന്നു.

ഇ-പെയ്മെന്റ് മുഖേന ലഭിക്കുന്ന വരവ് തുകകൾ സ്വീകരിക്കുന്നതിനായുള്ള 67395560339 (എസ്.ബി.ഐ കട്ടപ്പന) നമ്പരിലുള്ള കറന്റ് അക്കൗണ്ടിൽ 2024 മാർച്ച് 31 ൽ ₹6391858/- അവശേഷിക്കുന്നുണ്ട്. 2023-24 സാമ്പത്തിക വർഷത്തെ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ ടി അക്കൌണ്ടിൽ ഐ.സി.ഡി.എസുമായി ബന്ധപ്പെട്ട ഗ്രാന്റ് തുകകൾ സൂക്ഷിക്കുകയും സൂപ്പർവൈസർ നിർവ്വഹിച്ച വിവിധ പദ്ധതികളുമായി ബന്ധപ്പെട്ട് ചെലവ് നടത്തുകയും ചെയ്തിട്ടുണ്ട്. അക്കൗണ്ടിൽ വന്നതും ചെലവഴിച്ചതും അവശേഷിക്കുന്നതുമായ ഗ്രാന്റ് തുക സംബന്ധിച്ച വിശദാംശങ്ങൾ തനത് വരവ് ഇനത്തിൽ ഓൺലൈൻ പേയ്മെന്റ് മുഖേന ലഭിച്ച് അക്കൗണ്ടിൽ നിലവിൽ അവശേഷിക്കുന്ന തുക എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ. എന്നിവയും, ഗ്രാന്റ് തുക തനത് വരവ് അക്കൗണ്ടിൽ സൂക്ഷിച്ചത് സംബന്ധിച്ച് വിശദീകരണവും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നമ്പർ 05/22.08.2024 നു മറുപടി ലഭ്യമാക്കിയില്ല. അക്കൗണ്ടിൽ അവശേഷിക്കുന്ന തുക സംബന്ധിച്ച് വ്യക്തത വരുത്തേണ്ടതാണ്. ഗ്രാന്റ് തുക തനത് വരവിനൊപ്പം സൂക്ഷിക്കുന്നത് ക്രമപ്രകാരമുള്ള നടപടിയല്ല. നികുതിയിനത്തിലെ നീക്കിയിരിപ്പ് പിൻവലിച്ച് തനത് ഫണ്ട് സൂക്ഷിക്കുന്ന സേവിംഗ്സ് അക്കൗണ്ടിൽ നിക്ഷേപിക്കുകയോ, സ്ഥിരനിക്ഷേപമാക്കി മാറ്റുകയോ ചെയ്ത് പലിശ വരുമാനം നഷ്ടപ്പെടുന്ന സാഹചര്യം ഒഴിവാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും ധനസഹായത്തുകകൾ പ്രത്യേക അക്കൗണ്ടിലേക്ക് മാറ്റി വിനിയോഗം യഥാവിധി നിയന്ത്രിക്കേണ്ടതുമാണ്. മുൻ വർഷ റിപ്പോർട്ടിലും സമാന സ്വഭാവമുള്ള അപാകത പരാമർശിച്ചിരുന്നതിനാൽ മേൽ വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ പ്രത്യേകം ക്ഷണിക്കുന്നു.

2. ചെക്ക് ഡിപ്പോസിറ്റഡ് ബട്ട് നോട്ട് ക്ലിയേഡ് എന്ന ഗണത്തിൽ കാലഹരണപ്പെട്ട ചെക്കുകൾ അവശേഷിക്കുന്നു.

ക്യു.ആർ കോഡ് മുഖേന ലഭിക്കുന്ന തുകകൾ സ്വീകരിക്കുന്നതിലേക്കായി ഫെഡറൽ ബാങ്ക്, ഉപ്പുതറ

ശാഖയിൽ 12280100326341 എന്ന നമ്പർ അക്കൗണ്ടിൽ 2024 മാർച്ച് മാസത്തെ റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം ചെക്ക് ഡിപ്പോസിറ്റഡ് ബട്ട് നോട്ട് ക്ലിയേഡ് എന്ന ഗണത്തിൽ കാലഹരണപ്പെട്ട ചെക്കുകൾ അവശേഷിക്കുന്നുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	വൗച്ചർ നമ്പർ / തീയതി	ഇൻസ്ട്രുമെന്റ് നമ്പർ/തീയതി	തുക ₹
1	1230000182/26.02.2024	0102/10.11.2023	1250
2	1230000181/26.02.2024	0201/10.11.2023	15000

ടി തുകകൾ ഏതിനത്തിൽ ആരിൽ നിന്ന് ലഭിച്ചതാണെന്നത് സംബന്ധിച്ച് യാതൊരുവിധ രേഖകളും പഞ്ചായത്തിൽ നിന്ന് ലഭ്യമാക്കിയില്ല. മേൽ ചെക്കുകൾ യഥാസമയം പണമാക്കി ലഭിക്കാതിരുന്നതു മൂലം ₹16250/- പഞ്ചായത്തിന് നഷ്ടമായിട്ടുണ്ട്. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നമ്പർ 05/22.08.2024 നു മറുപടി ലഭ്യമാക്കിയിട്ടില്ല. ടി ചെക്കുകൾ ഏത് സ്ഥാപനത്തിൽ/വ്യക്തിയിൽ നിന്ന് ഏതിനത്തിൽ ലഭിച്ചതാണെന്ന് കണ്ടെത്തി അവയ്ക്ക് നല്കിയ രസീതുകൾ ക്യാൻസൽ ചെയ്യേണ്ടതും ചെക്കുകൾ റീവാലിഡേറ്റ് ചെയ്തോ, പുതിയ ചെക്കുകൾ സ്വീകരിച്ചോ പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടം നികത്തേണ്ടതാണ്. ടി തുക ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ/വ്യക്തിയിൽ നിന്നോ ലഭ്യമാകാത്ത സാഹചര്യം ഉണ്ടാകുന്ന പക്ഷം ചെക്കുകൾ അതിന്റെ കാലാവധിക്കുള്ളിൽ മാറാതിരുന്ന് പഞ്ചായത്ത് ഫണ്ടിന് നഷ്ടം വരുത്തിവെച്ച ജീവനക്കാരിൽ നിന്നും തുക ഈടാക്കേണ്ടതാണ്.

1-12 വാടക കുടിശ്ശിക ഈടാക്കാൻ അവശേഷിക്കുന്നു

2023-24 വർഷത്തെ വാർഷിക ധനകാര്യ പത്രിക, വാടക രജിസ്റ്റർ എന്നിവ പ്രകാരം വാടക ഇനത്തിൽ 2023-24 വർഷത്തിൽ 176412/- രൂപ വിവിധ വാടക്കകാരിൽ നിന്നും ഈടാക്കാൻ അവശേഷിക്കുന്നുണ്ട്. മുൻ വർഷങ്ങളിലെ കുടിശ്ശികയായി 203900/- രൂപയും റെന്റ് റീസിവബിൾസ് ഫ്രം ലീസ് ഓഫ് ലാന്റ് എന്ന ഇനത്തിൽ മുൻ വർഷ കുടിശ്ശിക 91499/- രൂപയും രേഖപ്പെടുത്തിയിട്ടുണ്ട്. തുകകൾ ഏതു വർഷത്തേതാണെന്നത് വ്യക്തമല്ല. ടി തുകകൾ സംബന്ധിച്ച വിശദാംശങ്ങൾ, തുക ഈടാക്കാൻ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ എന്നിവ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നമ്പർ 06/22.08.2024 നു മറുപടി ലഭ്യമാക്കിയിട്ടില്ല. കുടിശ്ശികകൾ ഈടാക്കി രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

1-13 ഉപകരണങ്ങൾ മരുന്നുകൾ എന്നിവ KMSCL -ൽ നിന്നും ലഭ്യമായിട്ടില്ലാത്തത് സംബന്ധിച്ച്

ആരോഗ്യ സ്ഥാപനങ്ങളിൽ രോഗ നിർണ്ണയ സൗകര്യം ഒരുക്കുന്നതിനായും പാലിയേറ്റീവ് കെയർ പദ്ധതിക്ക് മരുന്നുകൾ ലഭ്യമാക്കുന്നതിനുമായി KMSCL -ന് മുൻകൂറായി പണം നൽകിയിട്ടുണ്ട്. എന്നാൽ

ഉപകരണങ്ങളും മരുന്നുകളും നാളിതുവരെയായും ലഭ്യമായിട്ടില്ല.

1-13-1 ആരോഗ്യ സ്ഥാപനങ്ങളിൽ രോഗ നിർണ്ണയ സൗകര്യം ഒരുക്കൽ - ഉപകരണങ്ങൾ ലഭ്യമായിട്ടില്ലാത്തത് സംബന്ധിച്ച്

പദ്ധതി നമ്പർ	296/2024
നിർവ്വഹണം	മെഡിക്കൽ ഓഫീസർ, സി.എച്ച്.സി
പദ്ധതിയുടെ പേര്	ആരോഗ്യ സ്ഥാപനങ്ങളിൽ രോഗ നിർണ്ണയ സൗകര്യം ഒരുക്കൽ
ഫണ്ടിനം	ഹെൽത്ത് ഗ്രാന്റ്
അടങ്കൽ/ചെലവ്	₹924000/628989

മേൽ പദ്ധതി പ്രകാരം ആരോഗ്യ സ്ഥാപനങ്ങളിൽ രോഗ നിർണ്ണയ സൗകര്യം ഒരുക്കുന്നതിനായി കേരളാ മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് മുൻകൂർ ആയി തുക നൽകിയിരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം	ഉപകരണത്തിന്റെ പേര്	പ്രോഫോർമ ഇൻവോയിസ് നമ്പർ/തീയതി	PFMS Payament Advice No	തീയതി	തുക ₹
1	Semi Auto Bipchemistry Analyser	327/23-24, 22-3-24	C032473638371	24-3-24	52777
2	Centrifuge 16 Wells	329/23-24, 22-3-24	C032473624939	24-3-24	48597
3	UPS, Battery, Battery Stand	330/23-24, 22-3-24	C032473532440	24-3-24	195618
4	Electrolyte Analyser	331/23-24, 22-3-24	C032473650097	24-3-24	86362
5	Laminar Flow Cabinet	328/23-24, 22-3-24	C032473642102	24-3-24	107952

തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പാക്കുന്ന പദ്ധതികളിൽ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്ന് മരുന്നുകൾ മാത്രം വാങ്ങുന്നതിനാണ് നിലവിൽ സർക്കാർ അനുമതിയുള്ളത്. മാത്രമല്ല സ. ഉ.(സാധാ) നം. 876/2013/ ത.സ്വ.ഭ.വ പ്രകാരം മരുന്നുകൾ വാങ്ങുന്നതിനാണ് മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് മുൻകൂർ തുക അനുവദിക്കാവുന്നത്. ഇതിനു വിരുദ്ധമായി പദ്ധതി നടപ്പാക്കിയതിന്റെ കാരണം വ്യക്തമാക്കുന്നതിനും പദ്ധതിയുടെ നിലവിലെ അവസ്ഥയുടെ വിവരം അറിയിക്കുന്നതിനുമായി നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (12/23-8-24) മറുപടിയിൽ ക്രമ നമ്പർ 3 പ്രകാരമുള്ള ഉപകരണം ലഭ്യമായിട്ടുണ്ടെങ്കിലും സ്ഥാപനത്തിൽ ഇലക്ട്രിക്കൽ വർക്ക് പൂർത്തിയായിട്ടില്ലാത്തതിനാൽ സ്ഥാപിച്ചിട്ടില്ല എന്നും അവശേഷിക്കുന്ന ഉപകരണങ്ങൾ ലഭ്യമായിട്ടില്ലായെന്നും മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. ക്രമ നം.3 പ്രകാരമുള്ള ഉപകരണം സ്ഥാപിച്ച്, പ്രവർത്തന ക്ഷമമാക്കിയതിന്റെ വിവരവും , അവശേഷിക്കുന്ന ഉപകരണങ്ങൾ ലഭ്യമായതിന്റെ വിശദാംശങ്ങൾ സ്റ്റോക്ക് രജിസ്റ്റർ സഹിതവും ലഭ്യമാക്കി പരാമർശം തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-13-2 പാലിയേറ്റീവ് കെയർ പദ്ധതി - മരുന്നുകൾ ലഭ്യമായിട്ടില്ല.

പദ്ധതി നമ്പർ	296/2024
നിർവ്വഹണം	മെഡിക്കൽ ഓഫീസർ, സി.എച്ച്.സി
പദ്ധതിയുടെ പേര്	പാലിയേറ്റീവ് കെയർ പദ്ധതി
ഫണ്ടിനം	വികസന ഫണ്ട് - ജനറൽ
അടങ്കൽ/ചെലവ്	₹1000000/910988
ബിൽ റഫറൻസ് നമ്പർ/തീയതി/ തുക	23100852008100424434/8-8-24, ₹126648/-
പ്രോഫോർമ ഇൻവോയിസ് നമ്പർ/തീയതി	PRF801/1-8-2023

മേൽ പദ്ധതി പ്രകാരം പാലിയേറ്റീവ് കെയർ പദ്ധതിക്ക് മരുന്നുകൾ ലഭ്യമാക്കുന്നതിനായി ₹126648/- കെ.എം.എസ്.സി.എൽ -ന് നൽകിയിട്ടുണ്ട്. എന്നാൽ മരുന്നുകൾ പൂർണ്ണമായും ലഭ്യമാക്കിയിട്ടില്ല. മരുന്നുകൾ ലഭ്യമായതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻകുയറിക്കുള്ള (12/23-8-24) മറുപടിയിൽ ₹20636/- യുടെ മരുന്നുകൾ കൂടി ലഭ്യമാവാനുണ്ട് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. അവശേഷിക്കുന്ന മരുന്നുകൾ കൂടി ലഭ്യമാകുന്ന മുറയ്ക്ക് വിശദാംശങ്ങൾ രേഖകൾ സഹിതം ഹാജരാക്കി പരാമർശം തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-14 പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ് വിതരണം- അപാകതകൾ

പ്രോജക്ട്	S0311/24, പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം
അടങ്കൽ	₹900000/- (വികസന ഫണ്ട് - എസ്.സി.പി.)
നിർവ്വഹണം	അസിസ്റ്റന്റ് സെക്രട്ടറി
ചെലവ് (₹894600/-) ബിൽ റഫറൻസ് നം./തീയതി/തുക	1) 23100852013001447851/ 22.03.2024/ ₹397600/- 2) 23100852013001447844/ 22.03.2024/ ₹497000/-

മേൽ പദ്ധതിയിൽ 18 ലാപ്ടോപ്പ് വിതരണം നടത്തിയ വകയിൽ ₹894600/- ചെലവഴിച്ചിരിക്കുന്നു. ഇക്കാര്യത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 28.05.2022 ലെ സ.ഉ.(കൈ)നം. 115/2022/ എൽ.എസ്.ജി.ഡി. ഉത്തരവ് ഖണ്ഡിക 7.2.7 ൽ സർക്കാർ നിർദ്ദേശിച്ചിരിക്കുന്ന പ്രകാരം ഗുണഭോക്താക്കൾക്ക് പട്ടികജാതി വകുപ്പിൽ നിന്നും ലാപ് ടോപ്പ് നൽകിയിട്ടില്ലെന്നുള്ള സാക്ഷ്യപത്രം, ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ഇവ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് 24.08.2024 ൽ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 17 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ഗ്രാമസഭ അംഗീകരിച്ച് പ്രസിദ്ധപ്പെടുത്തിയ ഗുണഭോക്തൃ ലിസ്റ്റ് ലഭ്യമാക്കാത്തതിനാൽ അർഹരായ ഗുണഭോക്താക്കൾക്ക് തന്നെയാണ് ലാപ്ടോപ്പ് നൽകിയിട്ടുള്ളത് എന്ന് ഉറപ്പാക്കുവാൻ കഴിഞ്ഞില്ല. മേൽ കാരണങ്ങളാൽ ചെലവ് തുക ₹894600/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

1-15 ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ ലഭ്യമായിട്ടില്ല.

പദ്ധതി നമ്പർ	119/2024
നിർവ്വഹണം	മെഡിക്കൽ ഓഫീസർ, ഹോമിയോ
പദ്ധതിയുടെ പേര്	ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ
ഫണ്ടിനം	വികസന ഫണ്ട് - റോഡിതരം
അടങ്കൽ/ചെലവ്	₹400000/400000
ബിൽ റഫറൻസ് നമ്പർ/തീയതി/തുക	23100852008200728617/2-11-23, ₹400000/-

മേൽ പദ്ധതി പ്രകാരം ഹോമിയോ ആശുപത്രിക്ക് മരുന്ന് ലഭ്യമാക്കുന്നതിനായി ₹400000/- കേരള ഹോമിയോപതിക് കോപ്പറേറ്റീവ് സൊസൈറ്റിക്ക് (ഹോംകോ) നൽകിയിട്ടുണ്ട്. എന്നാൽ LF-3177/11-3-2014 ഇൻവോയിസ് പ്രകാരം ₹106071/- യുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്. അവശേഷിക്കുന്ന ₹293929/- ടെ മരുന്നുകൾ കൂടി ലഭ്യമാക്കി രേഖകൾ സഹിതം വിവരം അറിയിക്കേണ്ടതുമാണ്. ഹോംകോയ്ക്ക് ₹400000/- നൽകിയതിൽ ₹7616/- GST TDS ആയി കുറവ് ചെയ്ത് ഒടുക്കിയിരുന്നു. ആയതിനാൽ ₹392384/-യുടെ രസീത് മാത്രമാണ് ഹോംകോയിൽ നിന്നും ലഭ്യമായത്. ₹400000/- യുടെ മരുന്നുകൾ ഹോംകോ ലഭ്യമാക്കിയിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

1-16 ലൈഫ് ഭവന പദ്ധതി അഡീഷണൽ ലിസ്റ്റ് എന്ന പദ്ധതിയിൽ ഗുണഭോക്താവിന് തുക അധികമായി അനുവദിച്ചിരിക്കുന്നു.

പ്രോജക്ട്	S0160, ലൈഫ് ഭവന പദ്ധതി അഡീഷണൽ ലിസ്റ്റ്
അടങ്കൽ	₹30487606/-
നിർവ്വഹണം	അസിസ്റ്റന്റ് സെക്രട്ടറി

പ്രോജക്ടിലെ ഗുണഭോക്താവായ ശ്രീ.അംബുജാക്ഷൻ, കിരങ്ങാംപ്പാറയിൽ , കണ്ണംപ്പടി മുല്ല എന്ന വ്യക്തിക്ക് , രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയും പ്രകാരം തുക അനുവദിച്ചിരിക്കുന്നു.

ക്രമ നം.	ബാങ്ക് അക്കൌണ്ട് നം.	തീയതി	തുക ₹	റിമാർക്സ്
1	12280100273519	7.7.2021	90000	സംസ്ഥാന വിഹിതം
2	12280100273519	19.07.2022	120000	ലോൺ വിഹിതം
3	12280100273519	10.10.2022	210000	ജില്ലാ പഞ്ചായത്ത് വിഹിതം
4	12280100273519	23.02.2023	120000	ജില്ലാ പഞ്ചായത്ത് വിഹിതം
5	12280100273519	16.06.2023	60000	ജില്ലാ പഞ്ചായത്ത് വിഹിതം
	ആകെ		600000	

രജിസ്റ്ററിൽ മേൽ ഗുണഭോക്താവിനോട് ചേർന്ന് ഭാര്യയുടെ പേരിൽ സൗമ്യ പി.റ്റി. എന്ന് ചേർത്തിരിക്കുന്നു. ഇവരുടെ ഉപ്പുതറ ഫെഡറൽ ബാങ്കിലെ 12280100300551 നമ്പർ അക്കൗണ്ടിലേക്ക് താഴെ പറയും പ്രകാരം ₹120000/-അധികം നൽകിയതായി കാണുന്നു. അപ്രകാരം ആകെ ₹720000/- അനുവദിച്ചിരിക്കുന്നു.

ക്രമ	ബിൽ റഫറൻസ് നം.	തീയതി	തുക ₹	ഫണ്ട്	UTR Number

1	23100852013000205109	16.06.2023	60000	വികസന ഫണ്ട്-റ്റി.എസ്.പി.	RBI 1722316445422/ 20.06.2023
2	23100852013000476271	10.08.2023	60000	വികസന ഫണ്ട്-റ്റി.എസ്.പി.	RBI 12362338644573/ 23.08.2023
	ആകെ		120000		

ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് 24.08.2024 ൽ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് 21 ന് മറുപടി ലഭ്യമാക്കിയില്ല. ഭർത്താവിന്റെ പേരിൽ അനുവദിനീയമായ ₹600000/-പൂർണ്ണമായും നൽകിയതിന് ശേഷം ഭാര്യയുടെ പേരിൽ മറ്റൊരു ബാങ്ക് അക്കൗണ്ടിലേക്ക് പണം നൽകിയത് ദുരൂഹമാണ്. ലൈഫ് ഭവന പദ്ധതിക്ക് വിവിധ പ്രോജക്ട് പ്രകാരം നിരവധി ഗുണഭോക്താക്കൾക്ക് മുൻവർഷങ്ങളിൽ ഉൾപ്പെടെ തുക അനുവദിച്ചിട്ടുള്ളതിനാൽ ആയതിന്റെ കൃത്യത ഉറപ്പാക്കുവാൻ ആവശ്യമായ വിശദമായി സ്ഥല പരിശോധന ഉൾപ്പെടെ നടത്തേണ്ടതുണ്ട്. ഇക്കാര്യത്തിൽ വകുപ്പ് തലത്തിൽ നടപടി സ്വീകരിക്കേണ്ടതും മേൽ വിശദീകരിച്ച പ്രകാരം തുക അധികമായി നൽകിയതിൽ ഏതെങ്കിലും ക്രമക്കേട് നടന്നിട്ടുണ്ടെങ്കിൽ ആയത് കൂടി പരിശോധിച്ച് ഭരണ സമിതി നടപടി സ്വീകരിക്കേണ്ടതും അധികമായി നൽകിയ തുക നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കി ട്രഷറിയിൽ ഒടുക്കേണ്ടതാണ്.

1-17 തൊഴിലുറപ്പ് പദ്ധതി - സിമന്റിന് അധിക നിരക്ക് അനുവദിക്കുന്നു.

തൊഴിലുറപ്പു പദ്ധതിയിൽ തൻവർഷം ചെയ്ത റോഡ് കോൺക്രീറ്റ് പ്രവൃത്തികളിൽ സിമന്റ് സപ്ലൈ ചെയ്തതിന് കരാറുകാർക്ക് ടണ്ണിന് 11136/-രൂപ (50 കി.ഗ്രാമിന്റെ ഒരു പാക്കറ്റിന് 556.80 രൂപ) നിരക്കിലാണ് തുക കണക്കാക്കിയിരിക്കുന്നത്.

ഉദാ: പ്രവൃത്തിയുടെ പേര്: റോഡ് കോൺക്രീറ്റിംഗ് 7-ാം നമ്പർ 15 ഏക്കർ വാർഡ് 18

വർക്ക് കോഡ്- RC/GIS/22936

വാങ്ങിയ സിമന്റിന്റെ അളവ്- 14.9472 ടൺ

കണക്കാക്കിയ തുക – 14.9472x11136 = 166452രൂപ

പൊതു വിപണിയിൽ സിമന്റിന്റെ വില ഉയർന്നു നിന്നപ്പോഴും ബ്രാന്റഡ് സിമന്റിന്റെ പരമാവധി വില 400-410 രൂപയും മറ്റ് ബ്രാന്റുകൾക്ക് 360-370/- രൂപയുമായിരുന്നു. തന്നെയുമല്ല 2023-24 വർഷം എൽ.എസ്.ജി.ഡി പ്രൈസ് സോഫ്റ്റ് വെയർ പ്രകാരം സിമന്റിന് അനുവദിച്ചിരിക്കുന്ന നിരക്ക് ടണ്ണിന് 8617.78 രൂപ (50 കി.ഗ്രാമിന്റെ ഒരു പാക്കറ്റിന് 430.89 രൂപ) മാത്രമാണ്. (കോസ്റ്റ് ഇൻഡക്സ്, ഓവർഹെഡ് ചാർജ്, കോൺട്രാക്ടേഴ്സ് പ്രോഫിറ്റ് ഉൾപ്പെടെ).

സിമന്റ് ഒരു Packaged Commodity എന്ന നിലയിൽ പാക്കറ്റിൽ രേഖപ്പെടുത്തിയിരിക്കുന്ന പരമാവധി

വിലയേക്കാൾ കൂടുതൽ നൽകി വാങ്ങാൻ നിയമം അനുവദിക്കുന്നില്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻകൃയറിയ്ക്ക് (നം.16 തീ.23.08.2024) മറുപടി ലഭ്യമാക്കിയില്ല. പാക്കറ്റിന് 582.40 രൂപ എന്നത് പുന:പരിശോധിക്കുന്നതിന് ജില്ലാതലത്തിൽ ആവശ്യമായ ഇടപെടലുകൾ നടത്തി തുടർന്നുള്ള പ്രവൃത്തികൾക്ക് തുക അനുവദിക്കുമ്പോൾ പാക്കറ്റ് വിലയേക്കാൾ കൂടുതൽ നൽകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

1-18 ഉപ്പുതറ ഗ്രാമപഞ്ചായത്തിലെ എല്ലാ വർഡുകളിലും തെരുവ് വിളക്ക് സ്ഥാപിക്കൽ. അപാകതകൾ

നിർവ്വഹണം	സെക്രട്ടറി
പ്രോജക്ട്	ഉപ്പുതറഗ്രാമപഞ്ചായത്തിലെ എല്ലാ വർഡുകളിലും തെരുവ് വിളക്ക് സ്ഥാപിക്കൽ
പ്രോജക്ട് നം	239/23,234/24
അടങ്കൽ	₹992442
വൗച്ചർ നം. തീയതി/തുക	XVFC/2023-24/P10/22.08.2023-₹882220/-

ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡികളിലും തെരുവുവിളക്ക് സ്ഥാപിക്കുന്നതിനുള്ള പദ്ധതിയാണിത്.

ഓട്ടോ മാറ്റിക് ആയി പ്രവർത്തിക്കുന്ന 18 വാട്ട്സ് എൽ. ഇ.ഡി സ്ട്രീറ്റ് ലൈറ്റിംഗ് സെറ്റ് വിതരണം നടത്തി ഫിറ്റ് ചെയ്യുന്നതിന് ₹2450.61 നിരക്കിൽ അക്രഡിറ്റഡ് ഏജൻസിയായ ക്രൂസിനെ ചുമതലപ്പെടുത്തുകയും ക്രൂസിന്റെ ഇൻവോയ്സ് നം.KREWS/81/22-23/27.03.2023പ്രകാരം 360 ലൈറ്റുകൾ വിതരണം ചെയ്യുകയും ചെയ്തിരിക്കുന്നു. പദ്ധതി നടത്തിപ്പിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1.ആവശ്യമായ ലൈറ്റുകളുടെ സ്പെസിഫിക്കേഷൻ തീരുമാനിച്ചത് ക്ഷമതയുള്ള അധികാരികളാണ് എന്ന് തെളിയിക്കുന്ന രേഖകൾ ഫയലിൽ ഇല്ല.

2. ഗ്രാമപഞ്ചായത്ത് സ്ട്രീറ്റ് മെയിനുകൾ സ്ഥാപിച്ചിട്ടില്ല. ആയതിനാൽ കൃത്യമായ മീറ്ററിംഗ് സംവിധാനം നടപ്പാക്കിയിട്ടില്ല.

3.വിതരണം നടത്തിയിരിക്കുന്ന ലൈറ്റുകൾ സ്റ്റോക്കിലെടുത്തിട്ടില്ല. കരാർ പ്രകാരമുള്ള ഇനം തന്നെയാണ് വിതരണം നടത്തിയിരിക്കുന്നു എന്നതിനും വിളക്കുകൾ സ്ഥാപിച്ചത് സംബന്ധിച്ചും ക്ഷമതയുള്ള അധികാരി സാക്ഷ്യപ്പെടുത്തിയില്ല. കൂടാതെ ലൈറ്റുകൾ സ്ഥാപിച്ചത് സംബന്ധിച്ച് പോസ്റ്റ് നമ്പർ, കൺസ്യൂമർ നമ്പർ ഉൾപ്പെടെയുള്ള വിവരങ്ങൾ ഉൾപ്പെടുത്തിയുള്ള രജിസ്റ്ററോ മറ്റെന്തിങ്കിലും രേഖയോ തയ്യാറാക്കിയിട്ടില്ല.

4. കരാർ പ്രകാരം വിതരണം നടത്തിയ തീയതി മുതൽ 24 മാസം ആണ് വാറണ്ടി കാലയളവ്. ₹2450.61 എന്ന ഉയർന്ന നിരക്കിൽ സ്ഥാപിച്ച ലൈറ്റുകളിൽ പലതും കേടായിട്ടും കരാർ പ്രകാരമുള്ള തുടർ നടപടി സ്വീകരിക്കാൻ വിതരണ സ്ഥാപനം തയ്യാറായിട്ടില്ല. വിളക്കുകൾ കേടുപാടുകൾ തീർക്കാത്ത പ്രസ്തുത സ്ഥാപനത്തിനെതിരെ തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല.

മേൽ വിവരങ്ങൾ/അപാകതകൾ സംബന്ധിച്ച വിശദീകരണം അവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 20/24.08.2024 ന് മറുപടി ലഭ്യമാക്കിയില്ല.

തെരുവ് വിളക്കുകളുടെ ആവശ്യമായ വിവരങ്ങൽ ഉൾപ്പെടുത്തി രജിസ്റ്ററുകൾ തയ്യാറാക്കി സൂക്ഷിക്കേണ്ടതും കരാറിൽ വീഴ്ച വരുത്തിയ സ്ഥാപനത്തിനെതിരെ നിയമനടപടി സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

1-19 സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് - കരാറുകാരനിൽ നിന്നും ആദായ നികുതി ഈടാക്കിയില്ല

ഇൻകം ടാക്സ് ആക്ടിലെ സെക്ഷൻ 194(സി) പ്രകാരം ഒറ്റ തവണ ഒരു കോൺട്രാക്ടർക്ക് 30000/- രൂപയിൽ അധികം നല്കുമ്പോഴോ ഒരു സാമ്പത്തിക വർഷം നല്കുന്ന മൊത്ത തുക 1,00,000/-രൂപ കവിയുമ്പോഴോ കോൺട്രാക്ടർ ഒരു വ്യക്തിയോ അവിഭക്ത ഹിന്ദു കുടുംബമോ ആണെങ്കിൽ 1% വും അല്ലാത്തപക്ഷം 2%വും ആദായ നികുതി ഉറവിടത്തിൽ കുറവ് ചെയ്യണമെന്ന് പറഞ്ഞിരിക്കുന്നു.

ഉപ്പുതറ ഗ്രാമപഞ്ചായത്തിൽ തൊഴിലുറപ്പ് പദ്ധതിയിൽ സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിച്ച കണ്ടത്തിച്ചിറയിൽ ട്രേഡ് ലിങ്ക്സ് എന്ന സ്ഥാപനത്തിന് 2023-24സാമ്പത്തിക വർഷം താഴെപ്പറയും പ്രകാരം ആകെ ₹129375/- നൽകിയിട്ടുണ്ട്.

ക്രമ നം.	എഫ്.റ്റി.ഒ നമ്പർ	അനുവദിച്ച തുക ₹
1	0121EATPAYREQ1601202416131	13500
2	0121EATPAYREQ0702202416216	13500
3	0121EATPAYREQ1412202316451	11250
4	0121EATPAYREQ1412202316469	13500
5	0121EATPAYREQ1412202316509	22500
6	0121EATPAYREQ09112023161257	9000
7	0121EATPAYREQ09112023161268	11250
8	0121EATPAYREQ09112023161278	12375
9	0121EATPAYREQ09112023161302	12375
10	0121EATPAYREQ09112023161472	6750
11	0121EATPAYREQ09112023161478	3375
	ആകെ	129375

ഇപ്രകാരം നല്കിയ തുകയിൽ നിന്നും ₹2588/- രൂപ ആദായ നികുതി (2%) ഇനത്തിൽ കുറവ്

ചെയ്യേണ്ടതായിരുന്നു. എന്നാൽ ഈ പദ്ധതി പ്രകാരം തുക നല്കിയപ്പോൾ ആദായ നികുതി കുറവ് ചെയ്തതായി കാണുന്നില്ല. തുക ഈടാക്കി ആദായ നികുതി വകുപ്പിലൊടുക്കി വിവരം അറിയിക്കേണ്ടതാണ്. ഇതു സംബന്ധിച്ചു നൽകിയ ഓഡിറ്റ് എൻകുയറിക്ക് (നം 15/23-08-24) മറുപടി ലഭ്യമാക്കിയില്ല.

1-20 കരാറിൽ ഏർപ്പെടുന്നതിൽ കാലതാമസം - പിഴ ഈടാക്കിയില്ല

കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ റിവൈസ്ഡ് എഡിഷൻ 2012- (Revised As Per G.O.(P)No.13/2012/PWD Dated 01.02.2012) സെക്ഷൻ 2009.6 പ്രകാരം പ്രവർത്തി നിർവ്വഹണത്തിനായി തെരഞ്ഞെടുക്കപ്പെട്ട കരാറുകാർ സെലക്ഷൻ നോട്ടീസിൽ നിഷ്കർഷിച്ചിരിക്കുന്ന സമയ പരിധിക്കുള്ളിൽ കരാറിലേർപ്പെട്ടിട്ടില്ലായെങ്കിൽ ശേഷം വരുന്ന 10 ദിവസം കരാറുകാരനിൽ നിന്നും കോൺട്രാക്ട് തുകയുടെ 1% ഫൈൻ വാങ്ങിക്കൊണ്ട് കരാർ വയ്ക്കാം എന്ന് പറഞ്ഞിരിക്കുന്നു. ഉപ്പുതറ ഗ്രാമ പഞ്ചായത്തിൽ 2023-24 സാമ്പത്തിക വർഷം ഫൈനൽ ബിൽ നല്കിയ താഴെപ്പറയുന്ന പ്രവർത്തികളുടെ കരാറുകാർ കരാറിൽ ഏർപ്പെടുന്നതിൽ കാലതാമസം വരുത്തിയിട്ടും കോൺട്രാക്ട് തുകയുടെ 1% പിഴ ഈടാക്കിയതായി കാണുന്നില്ല. ഫൈൻ ഈടാക്കാതിരുന്നതു മൂലം ഗ്രാമപഞ്ചായത്തിന് 9245/-രൂപ നഷ്ടപ്പെട്ടു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1.പ്രോജക്ട് നം.	:	എസ്0192/24
പ്രോജക്ടിന്റെ പേര്	:	പുളിങ്കട്ട കുടിവെള്ള പദ്ധതി വാർഡ്-1
നിർവ്വഹണം	:	അസിസ്റ്റന്റ് എഞ്ചിനീയർ
കോൺട്രാക്ടറുടെ പേര്	:	ശ്രീ.അനീസ്.എൻ
എഗ്രീഡ് പി.എ.സി	:	659515/-രൂപ
ചെലവ്	:	122201/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) (വൗച്ചർ നം .XVFC/2023-24/P/32 തീ.08.11.2023)
ലെറ്റർ ഓപ് അക്സ്പെറ്റൻസ് ഡിജിറ്റലി സൈൻ ചെയ്ത തീയതി	:	13.04.2023
ലെറ്റർ ഓപ് അക്സ്പെറ്റൻസ് പ്രകാരം പിഴ കൂടാതെ കരാറിൽ ഏർപ്പെടേണ്ട അവസാന തീയതി (14 ദിവസം)	:	27.04.2023
കരാറിൽ ഏർപ്പെട്ട തീയതി (കരാർ നം.)	:	12.06.2023 (9/AE/LID & EW/UPA/23-24

	തീ.12.06.2023)
ഈടാക്കേണ്ടിയിരുന്ന പിഴ	: 659515x1% =6595/- രൂപ
നഷ്ടത്തിന് ഉത്തരവാദി (കരാറിൽ ഏർപ്പെട്ട ഉദ്യോഗസ്ഥ)	: ശ്രീമതി.അന്നമോൾ.ആർ.എസ് അസിസ്റ്റന്റ് എഞ്ചിനീയർ

2.പ്രോജക്ട് നം.	: എസ്0199/24
പ്രോജക്ടിന്റെ പേര്	: ചപ്പാത്ത് അമ്പലംപടി റോഡ് സംരക്ഷണഭിത്തി നിർമാണം വാർഡ് 14
നിർവ്വഹണം	: അസിസ്റ്റന്റ് എഞ്ചിനീയർ (ശ്രീമതി.അന്നമോൾ.ആർ.എസ്)
കോൺട്രാക്ടറുടെ പേര്	: ശ്രീ.ജോമി മാത്യു
എഗ്രീഡ് പി.എ.സി	: 265026/-രൂപ
ചെലവ്	: 223543/- (മെയിന്റനൻസ് ഗ്രാന്റ്-റോഡ്) (ബിൽ റെഫറൻസ് നം.231008520138013714 37തീ.13.03.2024)
ലെറ്റർ ഓപ് അക്സപ്പെറ്റൻസ് ഡിജിറ്റലി സൈൻ ചെയ്ത തീയതി	: 12.01.2023
ലെറ്റർ ഓപ് അക്സപ്പെറ്റൻസ് പ്രകാരം പിഴ കൂടാതെ കരാറിൽ ഏർപ്പെടേണ്ട അവസാന തീയതി (14 ദിവസം)	: 26.01.2023
കരാറിൽ ഏർപ്പെട്ട തീയതി (കരാർ നം.)	: 28.01.2023 (16/AE/LID & EW/UPA/22-23 തീ.28.01.2023)
ഈടാക്കേണ്ടിയിരുന്ന പിഴ	: 265026x1% =2650/- രൂപ
നഷ്ടത്തിന് ഉത്തരവാദി (കരാറിൽ ഏർപ്പെട്ട ഉദ്യോഗസ്ഥ)	ശ്രീമതി.അന്നമോൾ.ആർ.എസ്, അസി.എഞ്ചിനീയർ

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റന്വേഷണ കുറിപ്പിന് (നം.3 തീ.22.08.2024) ലഭ്യമാക്കിയ മറുപടിയിൽ ജോലിത്തിരക്കും പരിചയക്കുറവും മൂലമാണ് കൃത്യമായ പിഴ ഈടാക്കി എഗ്രിമെന്റ് വെയ്ക്കാതിരിക്കാൻ

കാരണമെന്നും പിഴ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കണെമന്നും അറിയിച്ചു. ഈ മറുപടി പിഴ ഒഴിവാക്കുന്നതിന് തക്കതായ കാരണമല്ലാത്തതിനാൽ നഷ്ടമായ തുക (9245/- രൂപ) കരാറുകാരിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം പിഴ ഒടുക്കാതെ കരാറുകാരനെ കരാറിൽ ഏർപ്പെടാൻ അനുവദിച്ച അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

1-21 മരാമത്ത് പ്രവൃത്തികൾ യഥാസമയം പൂർത്തീകരിക്കാത്ത കരാറുകാരിൽ നിന്നും പിഴ ഈടാക്കിയില്ല

2012 ലെ പി.ഡബ്ല്യൂ.ഡി മാനുവൽ അനുസരിച്ച് കരാറുകാരന്റെ ഭാഗത്തുള്ള വീഴ്ച മൂലം മരാമത്ത് പ്രവൃത്തികൾ യഥാസമയം പൂർത്തീകരിക്കാനാവാതെ വരികയാണെങ്കിൽ സെക്ഷൻ 2112 പ്രകാരം ആദ്യതവണ PAC യുടെ 1% എന്ന നിരക്കിലും രണ്ടാം തവണ PAC യുടെ 2% എന്ന നിരക്കിലും പിഴ ഈടാക്കേണ്ടതാണെന്ന് പറഞ്ഞിരിക്കുന്നു. തദ്ദേശ സ്വയംഭരണ (എ.സി) വകുപ്പിന്റെ 18.08.2018-ലെ എ.സി-2/223/2015/ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം ആദ്യത്തെ 3 മാസം കരാർ തുകയുടെ 1% പിഴ ചുമത്താവുന്നതും പിന്നീട് വരുന്ന ഓരോ മൂന്ന് മാസത്തിനും കരാർ തുകയുടെ 2% പിഴ ചുമത്താവുന്നതും ആണെന്ന് പറഞ്ഞിരിക്കുന്നു.

ഉപ്പുതറ ഗ്രാമ പഞ്ചായത്തിൽ 2023-24 സാമ്പത്തിക വർഷം ഫൈനൽ ബിൽ നല്കിയിരിക്കുന്ന താഴെപ്പറയുന്ന പ്രവൃത്തികൾ യഥാസമയം പൂർത്തീകരിക്കാതിരുന്നിട്ടും ഫൈൻ ഈടാക്കിയതായി കാണുന്നില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

1.പ്രോജക്ട് നം.	: എസ്0203/2024
ഫയൽ നം.	: LSGD/CELSGD/FL/45179/2022
പ്രോജക്ടിന്റെ പേര്	: ചെറുകുന്നേൽപടി മണ്ണംചേരിപടി റോഡ് മെയിന്റനൻസ് വാർഡ്-5
നിർവ്വഹണം	: അസിസ്റ്റന്റ് എഞ്ചിനീയർ
കോൺട്രാക്ടറുടെ പേര്	: ശ്രീ.ജോബിൻ ജോസഫ്
എഗ്രീഡ് പി.എ.സി തുക	: 254157/- രൂപ
ചെലവ്	282217/-രൂപ ധനകാര്യ കമ്മീഷൻ ഗ്രാന്റ് (വൗച്ചർ നം.XVFC/2023-24 /P/64തീ.28.03.2024)
കരാർ നം.	: 42/AE/LID&EW/UPA/22-23 തീ.29.03.2023
സൈറ്റ് ഹാന്റ് ഓവർ ചെയ്ത തീയതി	: 08.04.2023
പൂർത്തീകരണ കാലാവധി	: 6 മാസം (Letter Of Acceptance Clause.9)

കരാർ പ്രകാരം പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി	: 08.10.2023
പൂർത്തീകരിച്ച തീയതി (എം. ബുക്കിൽ അവസാന രേഖപ്പെടുത്തൽ വരുത്തിയ തീയതി)	: 25.03.2024 (ഇ-എം.ബുക്ക് പ്രകാരം)
കാലതാമസം	: 5 മാസം 17 ദിവസം
ഈടാക്കേണ്ട പിഴ (1%+2%)	: 254157x3%= 7625/- രൂപ

2.പ്രോജക്ട് നം.	: എസ്0211/2024
ഫയൽ നം.	: LSGD/CELSGD/FL/94510/2022
പ്രോജക്ടിന്റെ പേര്	: കിഴക്കാനം - മുല്ല റോഡ് പുനരുദ്ധാരണം വാർഡ്-2
നിർവ്വഹണം	: അസിസ്റ്റന്റ് എഞ്ചിനീയർ
കോൺട്രാക്ടറുടെ പേര്	: ശ്രീ.പി.എ.ഷാജി
എഗ്രീഡ് പി.എ.സി തുക	: 337519/- രൂപ
ചെലവ്	398272/-രൂപ ധനകാര്യ കമ്മീഷൻ ഗ്രാന്റ് (വൗച്ചർ നം. XVFC/2023-24/P/55 തീ.26.03.2024
കരാർ നം.	: 25/AE/LID&EW/UPA/22-23 തീ.01.03.2023
സൈറ്റ് ഹാന്റ് ഓവർ ചെയ്ത തീയതി	: 11.03.2023
പൂർത്തീകരണ കാലാവധി	: 6 മാസം (Letter Of Acceptance Clause.9)
കരാർ പ്രകാരം പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി	: 10.09.2023
പൂർത്തീകരിച്ച തീയതി (എം. ബുക്കിൽ അവസാന രേഖപ്പെടുത്തൽ വരുത്തിയ തീയതി)	: 11.02.2024 (ഇ-എം.ബുക്ക് പ്രകാരം)
കാലതാമസം	: 5 മാസം 1 ദിവസം
ഈടാക്കേണ്ട പിഴ (1%+2%)	: 337519x3%= 10126/- രൂപ

3.പ്രോജക്ട് നം.	: എസ്0197/2024
ഫയൽ നം.	: LSGD/CELSGD/FL/105296/2022
പ്രോജക്ടിന്റെ പേര്	: പത്താം നമ്പർ വട്ടപ്പതാൽ റോഡിൽ പ്രട്ട മുരികയിൽ പടി റോഡ് കോൺക്രീറ്റിംഗ് വാർഡ്-18
നിർവ്വഹണം	: അസിസ്റ്റന്റ് എഞ്ചിനീയർ
കോൺട്രാക്ടറുടെ പേര്	: ശ്രീ.പി.എ.ഷാജി
എഗ്രീഡ് പി.എ.സി തുക	: 994521/- രൂപ
ചെലവ്	1173535/-രൂപ ധനകാര്യ കമ്മീഷൻ ഗ്രാന്റ് (വൗച്ചർ നം.XVFC/2023-24/P/56 തീ.27.03.2024
കരാർ നം.	: 26/AE/LID&EW/UPA/22-23 തീ.01.03.2023
സൈറ്റ് ഹാന്റ് ഓവർ ചെയ്ത തീയതി	: 11.03.2023

പൂർത്തീകരണ കാലാവധി	: 6 മാസം (Letter Of Acceptance Clause.9)
കരാർ പ്രകാരം പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി	: 10.09.2023
